(ഡി) കമ്മ്യൂണിറ്റി കോളേജ് സ്കീം പാഠ്യപദ്ധതി തയ്യാറാക്കിയിട്ടുള്ളത് സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ കളമശ്ശേരിയിൽ പ്രവർത്തിക്കുന്ന കരിക്കുലം ഡവലെപ്പ്മെന്റ് സെന്ററാണ്. അതാത് സ്ഥാപനങ്ങളിലെ പ്രമുഖർ വ്യവസായ മേഖലയിലെ പ്രതിനിധികൾ എന്നിവർ തമ്മിൽ വിവിധതലങ്ങളിൽ നടത്തിയ ചർച്ചയും വ്യവസായ സ്ഥാപനങ്ങളിലെ ആവശ്യങ്ങളും പരിഗണിച്ചാണ് തയ്യാറാക്കിയിട്ടുള്ളത്. മൂല്യനിർണ്ണയവും, സർട്ടിഫിക്കറ്റ് വിതരണവും മറ്റും ചെയ്യുന്നത് സാങ്കേതിക പരീക്ഷാ കൺട്രോളറുടെ മേൽനോട്ടത്തിലാണ്. ഒരു തരത്തിലുമുള്ള മൂല്യശോഷണവും ഈ കാര്യത്തിൽ ഉണ്ടാവില്ലെന്ന് കരുതുന്നു.

കോളേജ് ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം

121 (7089) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോളേജ് ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ നൽകുമോ ;

(സി) ഏതെല്ലാം കോളേജുകളിലാണ് ഇത് നടപ്പിലാക്കാനുദ്ദേശിക്കുന്നത് ;

(ഡി) നാക് റേറ്റിംഗ് ലഭിക്കുന്നതിന് പ്രസ്തുത പദ്ധതി എത്രമാത്രം സഹായകരമാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

ഉത്തരം

(എ&ബി) കോളേജ് ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം 2012-13 സാമ്പത്തിക വർഷത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിയിലൂടെ നാക് അക്രെഡിറ്റേഷൻ കിട്ടാത്ത സ്ഥാപനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്താൻ ലക്ഷ്യമിടുന്നു. പന്ത്രണ്ടാം പദ്ധതിയിൽ നാക് അംഗീകാരം ലഭിക്കുന്നതിനായി മണ്ടോ, മുന്നോ കോളേജുകളെ ഓരോ വർഷവും സജ്ജമാക്കി തൊട്ടടുത്ത വർഷത്തിൽ പ്രസ്തുത കോളേജുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനായി മുൻകൂട്ടി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു കൂടി പദ്ധതി വിഭാവനം ചെയ്യുന്നു. അനുവദിക്കുന്ന തുകയിൽ 75% തുക അടിസ്ഥാന സൗകര്യ വികസനത്തിനും 25% തുക മറ്റു പ്രവൃത്തികൾക്കും ഉപയോഗിക്കാവുന്നതാണ്.

(സി) 2012-13 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച ഈ പദ്ധതിയിൽ ഗവൺമെന്റ് കോളേജ് മൂന്നാർ, ഗവൺമെന്റ് കോളേജ്,കോട്ടയം, ഗവൺമെന്റ് കോളേജ് ചിറ്റൂർ, ഗവൺമെന്റ് കോളേജ് തിരൂർ, പി.ടി.എം ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

കോളേജ് പെരിന്തൽമണ്ണ, ബി.ജെ.എം ഗവൺമെന്റ് കോളേജ് ചാവറ, ഗവൺമെന്റ് കോളേജ് കല്പറ്റ എന്നീ കോളേജുകളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ സാമ്പത്തിക വർഷം ഗവൺമെന്റ് കോളേജ് എളേരിത്തട്ട്, ഗവൺമെന്റ് കോളേജ് മൊകേരി, ഗവൺമെന്റ് കോളേജ് ചാലക്കുടി, ഗവൺമെന്റ് കോളേജ് അറ്റിങ്ങൽ, ഗവൺമെന്റ് കോളേജ് പേരാമ്പ്ര, എന്നീ കോളേജുകളെ ഈ സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരത്തെ വിലയിരുത്തുന്നത് നാക് റേറ്റിംഗിന്റെ അടിസ്ഥാനത്തിലാണ്. അക്രഡിറ്റേഷൻ ലഭിക്കണമെങ്കിൽ കോളേജുകൾ നവീകരിച്ച് പശ്ചാത്തല സൗകര്യ വികസനം, അക്കാദമിക് ഉയർച്ച, നൂതന ലാബ്/ ലൈബ്രറി സൗകര്യങ്ങൾ, സെമിനാർ ഹാൾ, അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും മെച്ചപ്പെട്ട ഭൗതിക സാഹചര്യം എന്നിവ ഒരുക്കേണ്ടതുണ്ട്. കോളേജ് ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാമിലൂടെ കോളേജുകളുടെ അടിസ്ഥാനസൗകര്യങ്ങളും മറ്റു ഭൗതിക സാഹചര്യങ്ങളും വർദ്ധിപ്പിക്കുന്ന പ്രവർത്തികളാണ് ചെയ്തു വരുന്നത്. ആയതിനാൽ പ്രസ്തുത പദ്ധതി ഈ സ്കീമിൽ തെരഞ്ഞെടുക്കപ്പെട്ട കോളേജുകൾക്ക് നാക് അക്രഡിറ്റേഷൻ ലഭ്യമാകുന്നതിന് സഹായകമാകാം.

കോളേജ് ഇൻഫ്രാസ്ട്രക്ചർ അപ്ഗ്രഡേഷൻ പ്രോഗ്രാം

122 (7080)ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോളേജസ് ഇൻഫ്രാസ്ട്രക്ചർ അപ്ഗ്രഡേഷൻ പ്രോഗ്രാം തുടങ്ങാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഏതെല്ലാം കോളേജുകളിലാണ് പ്രസ്തുത പ്രോഗ്രാം നടപ്പിലാക്കാനുദ്ദേശിക്കുന്നത് ;

(ഡി) കോളേജുകളിലെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ?

ഉത്തരം

(എ) കോളേജ് ഇൻഫ്രാസ്ട്രക്ചർ അപ്ഗ്രഡേഷൻ പ്രോഗ്രാം 2012-13 സാമ്പത്തികവർഷം മുതൽ ആരംഭിച്ചിട്ടുണ്ട്. കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന 41 ഗവൺമെന്റ് ആർട്ട്സ് & സയൻസ് കോളേജുകളിലെ അടിസ്ഥാന സൗകര്യവികസനമാണ് കോളേജ് ഇൻഫ്രാസ്ട്രക്ചർ അപ്ഗ്രഡേഷൻ പ്രോഗ്രാം (CIUP) മുഖേന ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly